Kerala Gazette No. 16 dated 16th April 1977.
PART I **Section iii**

കേരള സർക്കാർ

നിയമ (നിയമ നിർമ്മാണം-എ) വകുപ്പ്

വിജ്ഞാപനം

നമ്പർ 16554-ലജി(എ)2/76/ലാ. തിരുവനന്തപുരം, 1976 നവംബർ 20/ 1898 കാർത്തിക 29.

കേരള നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസാക്കിയ പ്രകാരമുള്ള ബില്ലിന് 1976 നവംബർ 19-ാം തീയതി ഗവർണ്ണരുടെ അനുമതി ലഭിക്കുകയുണ്ടായി.

ഗവർണ്ണരുടെ ഉത്തരവു്പ്രകാരം,
കെ. വിശ്വനാഥൻ നായർ,
നിയമവകുപ്പ് അഡീഷണൽ
സെക്രട്ടറി.

1976-ലെ 40-ാം ആക്റ്റ്

1976-ലെ കേരള നികുതികളിൻമേലുള്ള സർച്ചാർജ്ജ് (ഭേദഗതി) ആക്റ്റ്

1957-ലെ കേരള നികുതികളിൻമേലുള്ള സർച്ചാർജ്ജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്.

പീഠിക.– 1957-ലെ കേരള നികുതികളിൻമേലുള്ള സർച്ചാർജ്ജ് ആക്റ്റ് താഴെക്കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തിയേഴാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും ആരംഭവും.—(1) ഈ ആക്റ്റിന് 1976-ലെ കേരള നികുതികളിൻമേലുള്ള സർച്ചാർജ്ജ് (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) 3-ാം വകുപ്പ് (ബി) എന്ന ഖണ്ഡം 1975 ജൂലായ് 1-ാം തീയതി നടപ്പിൽവന്നതായി കണക്കാക്കേണ്ടതും ഈ ആക്റ്റിലെ ബാക്കി വ്യവസ്ഥകൾ 1976 ഏപ്രിൽ 1-ാം തീയതി നടപ്പിൽവന്നതായി കണക്കാക്കേണ്ടതും ആണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1957-ലെ കേരള നികുതികളിൻമേലുള്ള സർച്ചാർജ്ജ് ആക്റ്റ് (1957-ലെ 11) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പറയപ്പെടുക) 2-ാം വകുപ്പിൽ,—

(എ) "ആദായ നികുതിയോ മേൽനികുതിയോ" എന്ന വാക്കുകൾ വരുന്ന രണ്ട് സ്ഥലങ്ങളിലും "കാർഷികാദായനികുതി" എന്ന് പകരം ചേർക്കേണ്ടതാണ്;

(ബി) "അഞ്ചു ശതമാനമെന്ന"തിനു പകരം "പത്തു ശതമാനമെന്ന്" ചേർക്കേണ്ടതാണ്.

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(എ) ആരംഭത്തിലുള്ള ഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:—

"1963-ലെ കേരള പൊതു വിൽപന നികുതി ആക്റ്റ് പ്രകാരം നൽകേണ്ട നികുതി,—

(എ) മൊത്തവിൽപനസംഖ്യ, പ്രതിവർഷം ഒരു ലക്ഷം രൂപയിൽ കുറയാതെയും എന്നാൽ 10 ലക്ഷം രൂപയിൽ കവിയാതെയുമുള്ള ഒരു വ്യാപാരിയുടെ സംഗതിയിൽ, ആ വർഷം നൽകേണ്ട നികുതിയുടെ 5 ശതമാനം നിരക്കിലുള്ള സർച്ചാർജ്ജ് കണ്ട് വർദ്ധിപ്പിക്കേണ്ടതും,

(ബി) മൊത്തവിൽപ്പനസംഖ്യ പ്രതിവർഷം 10 ലക്ഷം രൂപയിൽ കവിയുന്ന ഒരു വ്യാപാരിയുടെ സംഗതിയിൽ, ആ വർഷം നൽകേണ്ട നികുതിയുടെ 8 ശതമാനം നിരക്കിലുള്ള സർച്ചാർജ്ജ് കണ്ട് വർദ്ധിപ്പിക്കേണ്ടതും,

1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റിലെ വ്യവസ്ഥകൾ, പ്രസ്തുത ആക്റ്റ് പ്രകാരം നൽകേണ്ട നികുതിക്ക് ബാധകമാകുന്നതു പോലെ മേൽപറഞ്ഞ സർച്ചാർജ്ജിനും ബാധകമായിരിക്കുന്നതുമാണ്;".

(ബി) ക്ലിപ്തനിബന്ധനയിൽ, "മൂന്നു ശതമാനത്തിൽ" എന്ന വാക്കുകൾ വരുന്ന രണ്ട് സ്ഥലങ്ങളിലും, "നാലു ശതമാനത്തിൽ" എന്ന് പകരം ചേർക്കേണ്ടതാണ്.

4. 4-ം 5-ം വകുപ്പുകൾ വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 4-ം, 5-ം വകുപ്പുകൾ വിട്ടുകളയേണ്ടതാണ്.

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 1976-ലെ കേരള നികുതികളിൻമേലുള്ള സർച്ചാർജ്ജ് (ഭേദഗതി) ഓർഡിനൻസ് (1976-ലെ 8) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽപോലും മേൽപറഞ്ഞ ഓർഡിനൻസു മൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റ് പ്രകാരം ചെയ്ത എന്തെങ്കിലുമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് മൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റു പ്രകാരം ചെയ്തതോ എടുത്തതോ ആയി കണക്കാക്കേണ്ടതാണ്.

(ശരിത്തർജ്ജമ)

ബി. ചെല്ലൻ,
ഹെഡ് ട്രാൻസ്‌ലേറ്റർ.